ഉത്തരം

(എ,ബി) പ്രസ്തുത റിംഗ് റോഡ് നാലു റീച്ചുകളായിട്ടാണ് പ്രൊപ്പോസ് ചെയ്തിരുന്നത്. അതിൽ ഒന്നാമത്തെ റീച്ചായ ബി1 ബി1 (തിരുവല്ല-കുമ്പഴറോഡിൽ കി.മീ. 29/400 നും കൈപ്പട്ടൂർ-പത്തനംതിട്ട റോഡിൽ കി.മീ. 5/600) റീച്ചിന്റെ പണി 11/97-ൽ തീർന്നു രണ്ടാമത്തെ റീച്ചായ (എ1, എ1) കൈപ്പട്ടൂർ-പത്തനംതിട്ട റോഡിൽ കി.മീ. 5/600 ന് ഇടയ്ക്കുള്ള റീച്ചിന്റെ പണി പുരോഗതിയിലാണ്. മൂന്നാമത്തെ റീച്ചിന് (ഡി1,ഡി1) ഭരണാനുമതി നൽകിയിട്ടുണ്ട്. നാലാമത്തെ റീച്ചായ സി1,സി1 ന്റെ പണികൾക്കായിട്ടുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയായി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണികൾ ആരംഭിക്കുന്നതാണ്.

കൂത്താട്ടുകുളം-അഞ്ചൽപ്പെട്ടി-പിറവം റോഡ്

55 (698)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്താട്ടുകുളം, അഞ്ചൽപ്പെട്ടി-പിറവം റോഡിലെ വളവുകൾ നിവർത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഓണക്കൂർ മുതൽ പിറവം വരെയുള്ള റോഡിലെ വളവുകളിൽ ധാരാളം അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വളവുകൾ നിവർത്തുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഓണക്കൂർ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണികൾ എന്നത്തേക്ക് പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുക്കും?

ഉത്തരം

(എ) വളവുകൾ നിവർത്തുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ബി) ഉണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അപ്രോച്ച് റോഡിന്റെ മെറ്റലിംഗ് പണികൾ നടന്നുവരുന്നു. പണികളെല്ലാം പൂർത്തിയാക്കി താമസിയാതെ ഗതാഗതത്തിന് തുറന്നു കൊടുക്കുന്നതാണ്.

റിയൽ എസ്റ്റേറ്റിന്റെ തീറാധാരങ്ങൾ

56(706)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വിവിധ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും റിയൽ എസ്റ്റേറ്റിന്റെ എത്ര തീറാധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ബിനാമി ഏർപ്പാടിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ,ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

21.12.2000-ത്തിലെ താഴെ കാണുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

504, 505, 509, 510, 512, 515, 521, 523, 532, 535, 536, 538, 539, 542, 544, 545, 547, 549, 550, 551, 553, 557, മുതൽ 564 വരെ, 571 മുതൽ 577 വരെ, 579, 582 മുതൽ 594 വരെ, 597, 598 മുതൽ 644 വരെ, 646 മുതൽ 659 വരെ, 661, 663, 666, 667, 668, 670, 674, 675, 676, 678, മുതൽ 692 വരെ, 694 മുതൽ 697 വരെ, 699 മുതൽ 705 വരെ.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[9.30 A.M.]

മി.സ്പീക്കർ : ഓർഡർ, ഓർഡർ. ഇന്ന് അടിയന്തിര പ്രമേയത്തെ സംബന്ധിച്ച് രണ്ട് നോട്ടീസുകൾ ലഭിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലമുള്ള ട്രഷറി ട്രാൻസാക്ഷന്റെ സ്തംഭനാവസ്ഥയെ സംബന്ധിച്ച് ശ്രീ. കെ.എം. മാണിയുടേത് ഒന്ന്. രണ്ടാമത്തേത് ശ്രീ.കെ.സി.ജോസഫ് നൽകിയിട്ടുള്ള സ്നേക്ക് പാർക്കിനെ സംബന്ധിച്ചുള്ളതാണ്. ഇതിൽ സാമ്പത്തികത്തിന്റെ കാര്യത്തിൽ ഞാൻ പരിശോധിച്ചപ്പോൾ ഈ സഭയിൽ പലപ്പോഴും ഉണ്ടായിട്ടുള്ള, ഉന്നയിക്കപ്പെട്ടിട്ടുള്ള ഒരു പ്രശ്നമാണത്. ഞാൻ അതിന്റെ സാങ്കേതികമായ കാര്യമാണ് പറയുന്നത് വിഷയമല്ല. നിയമസഭയിൽ ഒരു വിഷയം ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ, അന്ന് അടിയന്തിര പ്രമേയത്തിനും അതുപോലുള്ള കാര്യങ്ങൾക്കും പ്രസക്തിയുണ്ടോ എന്ന വിഷയം സമയമില്ല എങ്കിൽപ്പോലും ഞാനത് പരിശോധിച്ചപ്പോൾ 1970-72 മുതൽ ഇതേ സമാന സ്വഭാവത്തിലുള്ള കാര്യങ്ങൾ, ഈ കാലത്ത് വന്നോ എന്ന് എനിക്കറിയില്ല. വന്നിട്ടുണ്ട്. ഇതിനു മുൻകാലത്തും വന്നിട്ടുണ്ട്. ഒട്ടേറെ റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. റൂളിംഗുകളിൽ ഒന്ന് ഞാൻ വായിക്കാം. ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരാൻ വേണ്ടിമാത്രം. 1972-ലെ റൂളിംഗാണിത്. "It is the convention of this House that on days when Financial Business is on the agenda, Adjournment Motions and Call Attention notices are not ordinarly taken up, for the reason that there would be ample opportunities to discuss these matters which are sought to be raised by means of them". എന്നു തുടങ്ങുന്നതാണ് ആ റൂളിംഗ്. അങ്ങനെ ഓരോ സ്പീക്കർമാരുടേയും റൂളിംഗുകളുണ്ട്. നമ്മുടെ സഭയിലുമുണ്ട്. സാമ്പത്തികമാണ് വിഷയം. സാമ്പത്തികമാണ് നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്നലെ ചർച്ച ചെയ്തു, ഇന്ന് ചർച്ച ചെയ്യുന്നു. ഞാൻ പഴയ റൂളിംഗുകൾ ആവർത്തിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെ ഒരു സംഗതിയുണ്ട്. സാധാരണ അടിയന്തിര പ്രമേയം അവതരിപ്പിക്കുന്ന കാര്യത്തിൽ ഈ സഭയുടെ ചരിത്രം പരിശോധിച്ചാൽ ഏറ്റവും ലിബറലായിട്ട് അനുവദിച്ചിട്ടുള്ള ഒരു സന്ദർഭമാണ്. അത് ആർക്കും നിഷേധിക്കാൻ പറ്റില്ല. ഞാൻ ഒരു അവകാശവാദത്തിലേയ്ക്ക് കടക്കുന്നില്ല. അതാണ് അതിന്റെ ഒരുവശം. പക്ഷേ ഞാൻ അത് മെൻഷൻ ചെയ്യാതെ പോകുന്നില്ല. മെൻഷൻ ചെയ്തു. അത് കൊണ്ടുവന്നതിന്റെ ഗൗരവം വച്ച് മെൻഷൻ ചെയ്തു. അല്ലെങ്കിൽ മെൻഷൻ ചെയ്യാതെ തന്നെ പോകാമായിരുന്നു. സ്നേക്ക് പാർക്കിന്റെ വിഷയം ഞാൻ പറഞ്ഞല്ലോ. ഇത് വന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇന്നലെ ആ

LIBRARY ARCHIVES Kerala Legislative Assembly